LIBRARY ARCHIVES Kerala Legislative Assembly

കേരള ഫയർ സർവ്വീസ് അസോസിയേഷന്റെ വിവിധ ആവശ്യങ്ങൾ

76 [1652] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ 8 മണിക്കൂർ ഡ്യൂട്ടി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 8 മണിക്കൂർ ഡ്യൂട്ടി നടപ്പിലാക്കുന്നതുവരെ നിലവിലുള്ള ഡ്യൂട്ടി ക്രമീകരണം മാറ്റാൻ പാടില്ലായെന്ന് ഫയർ സർവ്വീസ് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സർവ്വീസിലെ ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും സ്പെഷ്യൽ പേ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ആവശ്യം സർക്കാർ പരിഗണിക്കുമോ;

(ഡി) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ 1988-ലെ സ്പെഷ്യൽ റൂൾസ് പരിഗണിക്കണമെന്ന കേരള ഫയർ സർവ്വീസ് അസോസിയേഷന്റെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. ആവശ്യം പരിശോധിച്ചുവരുന്നു.

(സി) ഇല്ല. ഈ ആവശ്യം കോടതിയുടെ പരിഗണനയിലാണ്. ഇതിന്മേൽ അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല.

(ഡി) ഉണ്ട്. പരിശോധിച്ചുവരുന്നു.

ഫയർമാന്റെ ഡ്യൂട്ടി സമയവും പുതിയ ഫയർ സ്റ്റേഷനുകളും

77 [1653] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ ഫോഴ്സിൽ ഫയർമാന് ഇപ്പോൾ നിലവിലുള്ള ഡ്യൂട്ടി സമയം എപ്രകാരമാണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഡ്യൂട്ടി സമ്പ്രദായം എന്ന് നിലവിൽ വന്നു എന്നും വ്യക്തമാക്കുമോ;

(ബി) ഡ്യൂട്ടി സമയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) ഡ്യൂട്ടി സമയത്തിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനമോ, ചർച്ചയോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിവരം വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചുവെന്നും എത്രയെണ്ണം പുതിയതായി ആരംഭിക്കും എന്നും വ്യക്തമാക്കാമോ;

(ഇ) കുന്നത്തൂർ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫയർമാൻ—രാവിലെ 9 മണി മുതൽ അടുത്ത ദിവസം രാവിലെ 9 മണിവരെ (ഡെയ്‌ലി ഷിഫ്റ്റ് സിസ്റ്റം). ഈ ഡ്യൂട്ടി സമയം 2002 ജനുവരി ഒന്നു മുതൽ നിലവിൽ വന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) 5 പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു. 26 ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കി, മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭ്യമായാൽ കുന്നത്തൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ നിലവിലുള്ള ഡ്യൂട്ടി ക്രമീകരണം

78 [1654] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിലെ നിലവിലുള്ള ഡ്യൂട്ടി ക്രമീകരണം മാറ്റാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ കാരണം അറിയിക്കാമോ;

(ബി) നിലവിലുള്ള ഡ്യൂട്ടി സമയം മാറ്റാൻ പാടില്ലാ എന്ന് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) എട്ടുമണിക്കൂർ ഡ്യൂട്ടി നടപ്പിലാക്കുന്നതുവരെ നിലവിലുള്ള ഡ്യൂട്ടി സമയം മാറ്റാൻ പാടില്ല എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly